ദ്രനികുതി

*൯ ൦ ൪. (൭൪) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയിദീൻ: താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

ദ്രനികുതി കൊച്ചിവിഭാഗത്തിലും തിരുവിതാംകൂർ വിഭാഗത്തിലും തുല്യനിലയിലാക്കുവാൻ താമസിക്കുന്നതിന്റെ കാരണമെന്ത്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): തുല്യനിലയിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനു് ആവശ്യമായ നിയമനിർമ്മാണം ഉടനെ ചെയ്യുന്നതാണു്.

## VANCHI POOR FUND

*906. [80] **Sri. N. V. Chacko**: Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) what the total amount of the Vanchi Poor Fund is;

(*b*) whether the Fund remains the same or whether it is being increased periodically by any means; and

(*c*) How the amounts making up the Fund are invested?

*Minister for Law, Finance and Revenue* **(Sri. A. J. John)**:

(*a*) Rs. 22,55,800.

(*b*) The Fund has remained almost stationary since the collections and accrued interest are utilised almost for current expenditure.

(*c*) The amount of the Fund is invested in Government Securities as shown below.—

| | | | Rs. |
|---|---|---|---|
| 1. | In Government of India Securities | .. | 20,48,900 |
| 2. | In Travancore Government Securities | .. | 200 |
| 3. | In Travancore Credit Bank Debentures | .. | 28,300 |
| 4. | In Post Office National Defence Certificate | .. | 1,000 |
| | Face Value | .. | 20,78,400 |

ഭക്ഷ്യാല്പാദനം

*൯ ൦ ൫. (വ ഫ) ശ്രീ. എസ്സ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഭക്ഷ്യാല്പാദനവർദ്ധനവു സംബന്ധിച്ചു് നിയമിച്ചിട്ടുള്ള ബോർഡിന്റെ പ്രവർത്തനഫലമായി പ്രസ്തുത ബോർഡു് നിയമിതമാകുന്നതിനു മുമ്പുണ്ടായിരുന്ന ഭക്ഷ്യനിലയിൽനിന്നും എത്ര ശതമാനം ഭക്ഷ്യധാന്യം കൂടുതൽ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്;

(ബി) ഭക്ഷ്യാല്പാദനവർദ്ധനവു സംബന്ധിച്ചു് നിയമിതമായിരിക്കുന്ന ബോർഡിലേക്കു് ഇതുവരെ ആകെ എത്ര ചെലവായിട്ടുണ്ടു്;

(സി) പ്രസ്തുത ബോർഡു് ചെയർമാൻ അലവൻസു് ഇനത്തിലും ടി. എ. ഇനത്തിലും ആകെ എത്ര രൂപാ പറ്റിയിട്ടുണ്ടു്;

(ഡി) ബോർഡിന്റെ പ്രവർത്തനംമൂലം ഭക്ഷ്യദൗർലഭ്യം പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ടോ., ഉണ്ടെങ്കിൽ എത്ര ശതമാനം;

(ഇ) കൃഷിഡയറക്ടരുടെ ശാസ്ത്രീയമായ ഉപദേശം ബോർഡു് ചെയർമാൻ ആവശ്യപ്പെട്ടുണ്ടോ., അതോ ബോർഡു് ചെയർമാന്റെ ഉപദേശം കൃഷി ഡയറക്ടർ ആവശ്യപ്പെട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly